പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3126**

**18.10.2016 ൽ മറുപടിയ്ക്ക്**

## പനമരത്ത് യൂത്ത് ഭവൻ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ.ആർ.കേളു.** | | **ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പനമരത്ത് യൂത്ത് ഭവൻ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ; ഈ പ്രവൃത്തിയുടെ അടങ്കൽ എത്ര രൂപയാണ് ; | (എ) | അനുമതി നല്കിയിട്ടുണ്ട്. അടങ്കൽ തുക 2.5 കോടി രൂപയാണ്. |
| (ബി) | യുവജനക്ഷേമബോർഡിന്റെ കീഴിലുള്ള യൂത്ത് ഭവന് അനുമതി നൽകിയ കാലയളവിൽ ഏത് മന്ത്രിയുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത് ; | (ബി) | ബഹു.മുൻ പട്ടികവർഗ്ഗയുവജന ക്ഷേമവകുപ്പ് മന്ത്രി പി.കെ.ജയലക്ഷ്മിയുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. |
| (സി) | യൂത്ത് ഭവൻ നിർമ്മാണത്തിനു വേണ്ടി സർക്കാർ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (സി) | കേരള സംസ്ഥാനയുവജനക്ഷേമബോർഡിനു നൽകിയ സർക്കാർ ഗ്രാന്റിൽ നിന്നും യൂത്ത് ഭവൻ നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സിഡ്കോയെ ഏൽപ്പിച്ച ഈ പ്രവൃത്തി ഏത് കരാറുകാരനെയാണ് ഏൽപ്പിച്ചത്; യൂത്ത് ഭവൻ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി), (ഇ) & (എഫ്) | പനമരത്തെ വയനാട് യൂത്ത് ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസിയായ സിഡ്കോയെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തുകയും 6 മാസത്തിനകം പണി പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാനയുവജനക്ഷേമബോർഡ് 1.25 കോടി രൂപ സിഡ്കോയ്ക്ക് 2015 ഫെബ്രുവരിമാസം നല്കിയിട്ടുണ്ട്. സിഡ്കോ 'EASY INFRA' എന്ന കമ്പനിക്കാണ് കരാർ നല്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെന്ന് കണ്ടതിനാൽ പ്രസ്തുത തുക പിഴ അടക്കം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കരാർ ഉടമ്പടി പ്രകാരം ഏത് തീയതിയിലാണ് കെട്ടിടം പൂർത്തീകരിക്കേണ്ടത്; | | |
| (എഫ്) | ഇതുവരെ കരാറുകാരന് യൂത്ത് ഭവൻ നിർമ്മാണത്തിന് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ജി) | പനമരം ഗ്രാമപഞ്ചായത്ത് യൂത്ത് ഭവന് അനുവദിച്ച സ്ഥലം നിർമ്മാണത്തിന് അനുയോജ്യ മാണോ; യൂത്ത് ഭവൻ നിർമ്മാണത്തിലെ പരാതികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ? | (ജി) | അനുയോജ്യമാണ്.<br><br>വിജിലൻസ് അന്വേഷണം സംബന്ധിച്ച് ഇപ്പോൾ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ